# പതിമൂന്നാം കേരള നിയമസഭ
# ഒമ്പതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 231</u>      <u>19.06.2013 ൽ മറുപടിക്ക്</u>

## <u>ആരോഗ്യ വകുപ്പിലെ സേവനാവകാശ നിയമം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ. ഡൊമനിക് പ്രസന്റേഷൻ<br>ശ്രീ. വി.റ്റി. ബൽറാം | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ആരോഗ്യ വകുപ്പിൽ സേവനാവകാശനിയമം നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ ; | (എ) നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) എന്തൊക്കെ സേവനങ്ങളാണ് പ്രസ്തുത നിയമം കൊണ്ട് വകുപ്പിൽ നിന്നും ലഭിക്കുന്നത്; വിശദാംശം വെളിപ്പെടുത്തുമോ ;<br><br>(സി) പ്രസ്തുത നിയമം സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (ബി) യും (സി) യും 2013 ഏപ്രിൽ 18-ാം തീയതിയിലെ എസ്.ആർ.ഒ.നം.320/2013 പ്രകാരം 2012 ലെ കേരള സംസ്ഥാന സേവന അവകാശ ആക്ടിലെ (2012 ലെ 18) 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് ആരോഗ്യ വകുപ്പിന് കീഴിലുള്ള വിവിധ വകുപ്പുകളിലെയും സ്ഥാപനങ്ങളിലെയും സേവനം സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) സേവനങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാൻ വേണ്ടത്ര പ്രചാരണം നൽകാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (ഡി) സേവനങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനായി വിജ്ഞാപനത്തിന്റെ പകർപ്പ് എല്ലാ വകുപ്പ് തലവൻമാർക്കും നൽകിയിട്ടുണ്ട്. വകുപ്പ് തലവൻമാർ ഗസറ്റ് വിജ്ഞാപനത്തിന്റെ പകർപ്പ് ജില്ലാ ഉദ്യോഗസ്ഥൻമാർക്ക് നൽകുകയും പൊതുജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനുവേണ്ടി പ്രദർശിപ്പിക്കുവാൻ നിർദ്ദേശവും നല്കിയിട്ടുണ്ട്. കൂടാതെ മാധ്യമങ്ങളിലും ഗവൺമെന്റ് വെബ്സൈറ്റിലും വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനായി വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർക്ക് വിജ്ഞാപനത്തിന്റെ പകർപ്പ് നൽകിയിട്ടുണ്ട്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ